പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1298 — 10/08/2017 ൽ മറുപടിയ്ക്ക്

# കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയും ഭൂരേഖയും വകുപ്പ്, കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നിലവിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;<br>(ബി) പ്രസ്തുത കോഴ്സിൽ ചേരുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;<br>(സി) നിലവിൽ കോഴ്സ് ആരംഭിക്കാത്തതിന്റെ കാരണവും എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br>സർവ്വേയും ഭൂരേഖയും വകുപ്പ്, കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 23 അപേക്ഷകൾ കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സിൽ ചേരുന്നതിന് ലഭിച്ചിട്ടുണ്ട്. സർവ്വെ വകുപ്പിനു കീഴിലുള്ള MGRTCS (Modern Government Research and Training Centre for Survey) എന്ന സ്ഥാപനത്തിലാണ് എല്ലാ പരിശീലനവും നടത്തുന്നത്. വനം -വന്യജീവി വകുപ്പിലെ BFO/SFO ജീവനക്കാർക്കായി നടത്തുന്ന സർവ്വേ ട്രെയിനിംഗ്, പ്രൈവറ്റ് വിദ്യാർത്ഥികൾക്കായി നടത്തുന്ന മോഡേൺ സർവ്വേ കോഴ്സ് എന്നിവ നിലവിൽ നടന്നു വരുന്നതിനാൽ ക്ലാസ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലാണ് കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് നടത്താൻ കാലതാമസം നേരിട്ടിട്ടുള്ളത്. ടി പരിശീലന പരിപാടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ